LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പട്ടികജാതിയിൽപ്പെട്ടവർക്ക് മാത്രമാണ് വകുപ്പുമന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ചിട്ടുള്ള ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിക്കുന്നത്. ഇതിലേക്കായി, രോഗിയുടെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.

(ബി) പ്രസ്തുത സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ ധനസഹായം ലഭിക്കാത്തവരുടെ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ചികിത്സാധനസഹായം അനുവദിക്കുന്നതിന് അപേക്ഷകരുടെ അർഹത പരിശോധിക്കുന്നതിന് ജാതി, വരുമാനം, മെഡിക്കൽ സർട്ടിഫിക്കറ്റുകൾ അനിവാര്യമാണ്. നിശ്ചിത മാതൃകയിലുള്ള അപേക്ഷയോടൊപ്പം ആവശ്യമായ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നവർക്ക് യഥാസമയം ചികിത്സാ ധനസഹായം അനുവദിച്ചു നൽകുന്നതിൽ യാതൊരുവിധ നിയമ സങ്കീർണ്ണതകളുമില്ലാത്തതിനാൽ നിലവിലുള്ള നിയമത്തിൽ ഇളവ് വരുത്തേണ്ട ആവശ്യമില്ല.

പട്ടികജാതിക്കാർക്ക് നേരെ നടക്കുന്ന അതിക്രമങ്ങൾ

301 (1009) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതിക്കാർക്കുനേരെ നടക്കുന്ന അതിക്രമങ്ങളുമായി ബന്ധപ്പെട്ട കേസ്സുകൾ തീർപ്പു കൽപ്പിക്കുന്നതിൽ അനിയന്ത്രിതമായ കാലതാമസം ഉണ്ടാകുന്നതായി ദേശീയ പട്ടികജാതി കമ്മീഷൻ ചൂണ്ടിക്കാണിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 2012, 2013 വർഷങ്ങളിൽ റിപ്പോർട്ടു ചെയ്യപ്പെട്ടതിൽ എത്ര ശതമാനം കേസ്സുകളാണ് തീർപ്പു കൽപ്പിക്കപ്പെട്ടിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ ;

(സി) പട്ടികജാതിക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ പരിശോധിക്കുന്ന കോടതികളുടെ പ്രവർത്തനങ്ങൾ പരിശോധിക്കാറുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പട്ടികജാതിക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച കേസുകൾ വിചാരണ പൂർത്തിയാക്കി തീർപ്പു കൽപ്പിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി ദേശീയ പട്ടികജാതി കമ്മീഷൻ നടത്തിയ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് സംബന്ധിച്ച് രേഖാമൂലം വിവരം ലഭിച്ചിട്ടില്ല.

(ബി) 2012, 2013 വർഷങ്ങളിൽ രജിസ്റ്റർ ചെയ്ത കേസുകളുടേയും 2012, 2013 വർഷങ്ങളിൽ കോടതികളിൽ തീർപ്പ് കൽപ്പിക്കപ്പെട്ട കേസുകളുടെയും വിവരം ചുവടെ ചേർക്കുന്നു :

വർഷം	രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം	കോടതിയിൽ തീർപ്പ് കൽപ്പിച്ച കേസുകളുടെ എണ്ണം	ശതമാനം
2012	743	162	21.80
2013	683	188	27.53

(സി) ഉണ്ട്. 1989-ലെ പട്ടികജാതി പട്ടികവർഗ്ഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നത് സംബന്ധിച്ച നിയമ പ്രകാരം സ്ഥാപിച്ച മഞ്ചേരിയിലേയും മാനന്തവാടിയിലേയും കോടതികളുടെ പ്രവർത്തനം ഹൈക്കോടതി നിരീക്ഷിക്കുകയും മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു. അതാത് ജില്ലയുടെ ഭരണ നിർവ്വഹണം വഹിക്കുന്ന ബഹുമാനപ്പെട്ട ഹൈക്കോടതി ജഡ്ജി ഈ കോടതികളുടെ പ്രവർത്തനം വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ ഉത്തരവുകൾ നൽകുകയും ചെയ്യുന്നു. കൂടാതെ സംസ്ഥാന ആസൂത്രണ ബോർഡിന്റെ നിർദ്ദേശാനുസരണം ഹൈക്കോടതിയുടെ ധനകാര്യ വിഭാഗം ഈ കോടതികളിലെ പണമിടപാട് പരിശോധിക്കുകയും കോടതികളിൽ ഓരോ മാസവും ഫയൽ ചെയ്യുന്ന കേസ്സുകളുടെയും തീർപ്പാക്കുന്ന കേസ്സുകളുടെയും വിവരം സഹിതം സംസ്ഥാന ആസൂത്രണ ബോർഡിന് റിപ്പോർട്ട് നൽകുകയും ചെയ്യുന്നുണ്ട്.